**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1609** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>വിലക്കയറ്റം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ജോയി ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിപണിയിൽ ഭക്ഷ്യ ഉല്പന്നങ്ങൾക്കും പച്ചക്കറി ഉല്പന്നങ്ങൾക്കും വില വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഗതാഗത ചെലവിൽ ഉണ്ടായ വർദ്ധന മൂലം നേരിയ വില വ്യതിയാനങ്ങൾ വിപണിയിൽ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വെളിച്ചെണ്ണ, തേങ്ങ, അരി, ആട്ട എന്നീ നിത്യോപയോഗസാധനങ്ങൾക്കും പടവലം, ബീൻസ് പോലുള്ള ചില പച്ചക്കറിക്കൾക്കും വിലയിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. പാമോയിൽ, ഉണക്കമുളക്, കാബേജ്, തക്കാളി, ചെറിയ ഉള്ളി എന്നിവയ്ക്ക് നേരിയ തോതിൽ പ്രാദേശികമായ വിലവ്യതിയാനം രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. എന്നിരുന്നാലും പൊതു വിപണിയിൽ അനിയന്ത്രിതമായ വിലക്കയറ്റം നിലനിൽക്കുന്നില്ല.

**സെക്ഷൻ ഓഫീസർ**